18766
22/10/19

File No.FWLD-A1/122/2017-FWLD

'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തൃശ്ശൂർ ഡിവിഷൻ - പട്ടിക്കാട് റെയിഞ്ച് - മാന്ദാമംഗലം സ്റ്റേഷൻ പരിധിയിൽ വ്യാപക മരംമുറി നടക്കുന്നുവെന്ന പരാതി - പട്ടിക്കാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.വി.ബി.അഖിലിനെതിരെയുള്ള അച്ചടക്ക നടപടി - ഔപചാരികാന്വേഷണത്തിന് ഉത്തരവായത് - അന്വേഷണാധികാരിയെ മാറ്റി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.197/2019/വനം തിരുവനന്തപുരം, തീയതി, 01/06/2019

---

പരാമർശം:- (1) 31.10.2018-ലെ സ.ഉ. (സാ.ധാ.) നം. 470/2018/വനം ഉത്തരവ്

(2) 21.03.2019-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി4-6765/18 നമ്പർ കത്ത്

ഉത്തരവ്

തൃശ്ശൂർ ഡിവിഷനിലെ പട്ടിക്കാട് റെയിഞ്ചിലെ മാന്ദാമംഗലം സ്റ്റേഷൻ പരിധിയിലെ തേക്കുമരങ്ങൾ മുറിച്ചുമാറ്റിയതുമായി ബന്ധപ്പെട്ട ഒ. ആർ. കേസ്സുകളിന്മേൽ ശരിയായ അന്വേഷണം നടത്താത്തതിന് ഉത്തരവാദികളിലൊരാളും പട്ടിക്കാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുമായിരുന്ന ശ്രീ. വി. ബി. അഖിലിന് 16.12.2017 തീയതിയായി കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി സർക്കാർ തലത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (1) പ്രകാരം ഔപചാരികാന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിരുന്നു.

2) അന്വേഷണാധികാരിയായി നിയമിച്ചിരുന്ന ശ്രീ. സന്തോഷ് കെ. ജോൺ ഐ. എഫ്. എസ്., ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ്), ടിയാന് ശാരീരിക അസ്വസ്ഥതകൾ ഉള്ളതിനാലും സർവ്വീസിൽ നിന്ന് വിരമിക്കുവാൻ 10 മാസം മാത്രമേ ബാക്കിയുള്ളൂയെന്നതിനാലും ടി സ്ഥാനത്തുനിന്നും മാറ്റി പകരം മറ്റൊരാളെ പ്രസ്തുത സ്ഥാനത്തേയ്ക്ക് നിയമിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ടെന്നും ടി അപേക്ഷ പരിഗണിച്ച് ശ്രീ. സന്തോഷ് കെ. ജോൺ, ഐ. എഫ്. എസ്.- നെ അന്വേഷണാധികാരിയുടെ സ്ഥാനത്തുനിന്ന് മാറ്റി പകരം തൃശ്ശൂർ ഫോറസ്റ്റ് റിസോഴ്സ് സർവ്വേ അസിസ്റ്റന്റ് കൺസർവേറ്റർ ശ്രീ. ജോസഫ് തോമസിനെ

അന്വേഷണാധികാരിയായി നിയമിച്ചുകൊണ്ടും പ്രസന്റിംഗ് ഓഫീസറിനെ നിലനിറുത്തിക്കൊണ്ടും ഉത്തരവാകുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3) ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭ്യർത്ഥന പരിഗണിച്ച് അന്വേഷണാധികാരിയായി തൃശ്ശൂർ ഫോറസ്റ്റ് റിസോഴ്സ് സർവ്വേ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ. ജോസഫ് തോമസിനെ നിയമിച്ചുകൊണ്ടും പ്രസന്റിംഗ് ഓഫീസറിനെ നിലനിറുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) അന്വേഷണാധികാരി കർശനമായും 2 മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ. ജോസഫ് തോമസ്, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,

തൃശ്ശൂർ ഫോറസ്റ്റ് റിസോഴ്സ് സർവ്വേ

ശ്രീ.സന്തോഷ് കെ. ജോൺ, ഐ.എഫ്.എസ്.,

ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ (ഫിനാൻസ്, ബഡ്ജറ്റ് & ഓഡിറ്റ്)

ശ്രീ.വിനോദ് ആർ., പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

ശ്രീ. വി.ബി.അഖിൽ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BIJI K
Date: 2019.06.03 11:02:05 IST
Reason: Approved
സെക്ഷൻ ഓഫീസർ